# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ് , തിരുവനന്തപുരം 695 039.

**Tel: 0471 2320920, Fax: 0471 2330920**

**Email: sic@infokerala.org.in**


**ഹർജി നമ്പർ: AP No.295/2007/SIC** തീർപ്പു കൽപ്പിച്ചു കൊ ുള്ള നടപടിക്രമം

**നംപർ. 3477/എസ്.ഐ.സി–ജി2/2007**

| | |
|---|---|
| ശ്രീ. സണ്ണി പുന്നൻ. വി.,<br>കാഞ്ഞിരപ്പള്ളിയിൽ ഹൗസ്,<br>പുതുപ്പള്ളി. പി.ഒ.,<br>കോട്ടയം – 686 011. | അപ്പീൽ ഹർജിക്കാരൻ |
| 1. പബ്ളിക് ഇൻഫർമേഷൻ ആഫീസർ,<br>ആട്ടോ കാസ്റ്റ് ലിമിറ്റഡ്,<br>എസ്.എൻ. പുരം. പി.ഒ.,<br>ചേർത്തല.<br><br>2. മാനേജിംഗ് ഡയറക്ടർ & അപ്പലേറ്റ് അതോറിറ്റി,<br>ആട്ടോ കാസ്റ്റ് ലിമിറ്റഡ്,<br>എസ്.എൻ. പുരം. പി.ഒ.,<br>ചേർത്തല. | എതൃകക്ഷികൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സണ്ണി പുന്നൻ. വി., 24.5.2007 തീയതിവച്ച് സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജി AP No.295/2007/SIC ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതും തുടർനടപടികൾ കൈക്കൊ ിട്ടുള്ളതുമാണ്.

2. ഹർജിക്കാസ്പദമായ സംഗതികൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു:

അപ്പീൽ ഹർജിക്കാരൻ 6.12.06 തീയതിവച്ച് 1–ാം എതൃകക്ഷി മുൻപാകെ വിവരാവകാശ നിയമ പ്രകാരം ചില വിവരങ്ങൾ തേടികൊ ് ര ് അപേക്ഷകൾ സമർപ്പിച്ചിരുന്നു.

അപേക്ഷ ഫീസായി 10/- രൂപ വീതം കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ചാണ് അപേക്ഷകൾ സമർപ്പിച്ചിരുന്നത്. കോർട്ട് ഫീസ് സ്റ്റാമ്പ് 19.10.05-ലെ 8026/05/ജി.എ.ഡി. സർക്കാർ ഉത്തരവ് പ്രകാരം സ്വീകാര്യമല്ലെന്ന് കാണിച്ച് ഹർജിക്കാരന്റെ അപേക്ഷകൾ ഒന്നാം എതൃകക്ഷി നിരസിക്കുകയു ായി. ഈ തീരുമാനത്തിനെതിരെ 30.1.2007-ന് അപ്പീൽ ഹർജിക്കാരൻ ര ാം എതൃകക്ഷി മുൻപാകെ 1-ാം അപ്പീൽ സമർപ്പിക്കുകയു ായി. ഒന്നാം അപ്പീൽ അനുവദിക്കുകയും അപ്പീൽ ഹർജിക്കാരന്റെ അപേക്ഷ സ്വീകരിക്കുകയOമു ായി. വിവരങ്ങൾ നൽകുന്നതിനുള്ള ചെലവിനായി ആവശ്യപ്പെട്ട 70/-രൂപ 7.3.07-ന് ഹർജിക്കാരൻ ഒടുക്കുകയു ായി. ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കാതിരുന്നതിനെ തുടർന്ന് 6.4.07-ന് ര ാം എതൃകക്ഷി മുൻപാകെ അപ്പീൽ ഹർജിക്കാരൻ ഒന്നാം അപ്പീൽ നൽകി. തുടർന്ന് 7.4.07-ന് ഹർജിക്കാരന്റെ അപേക്ഷകൾ തീർപ്പാക്കികൊ ് ഒന്നാം എതൃകക്ഷി അപ്പീൽ ഹർജിക്കാരന് മറുപടി നൽകിയെങ്കിലും ലഭിച്ച വിവരങ്ങൾ തൃപ്തികരമല്ലെന്ന് പരാതിപ്പെട്ട് കൊ ാണ് സംസ്ഥാന വിവരാവകാശ കമ്മിഷൻ മുൻപാകെ ഈ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

3. അപ്പീൽ ഹർജിയുടെ ഒരു പകർപ്പ് 2-ാം എതൃകക്ഷിക്കയച്ചു കൊടുത്തുകൊ ് ഹർജിയിൻമേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മിഷൻ നോട്ടീസ് നൽകി. ഇതനുസരിച്ച് 2-ാം എതൃകക്ഷി 7.7.07 തീയതിവച്ച് കമ്മിഷൻ മുൻപാകെ റിപ്പോർട്ട് സമർപ്പിക്കുകയു ായി.

4. അപ്പീൽ ഹർജിയും 2-ാം എതൃകക്ഷിയുടെ റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച കമ്മിഷൻ താഴെപറയുന്ന നിഗമനങ്ങളിൽ എത്തി.

(i) വിവരാവകാശ നിയമ പ്രകാരം പബ്ളിക് ഇൻഫർമേഷൻ ഓഫീസർ നൽകുന്ന വിവരങ്ങളെകുറിച്ച് പരാതിയു ങ്കിൽ ഒന്നാം അപ്പീൽ സമർപ്പിക്കേ ത് അതേ പബ്ളിക് അതോറിറ്റിയിലെ അപ്പീൽ അധികാരി മുൻപാകെയാണ്. ഇവിടെ അപ്പീൽ ഹർജിക്കാരൻ 2-ാം എതൃകക്ഷി മുൻപാകെ 30.1.07-നും 4.4.07-നും 1 -ാം അപ്പീൽ ഹർജികൾ സമർപ്പിച്ചിട്ടു ്. 30.1.07-ലെ ഒന്നാം അപ്പീൽ ഹർജിയിൽ തന്റെ അപേക്ഷ സ്വീകരിക്കാത്തതിനെ കുറിച്ചും 4.4.07-ലെ 1-ാം അപ്പീൽ ഹർജിയിൽ തന്നിൽ നിന്നും 70/-രൂപ ഫീസ് ഈടാക്കിയെങ്കിലും വിവരങ്ങൾ നൽകിയില്ലാ എന്നതിനെ കുറിച്ചുമുള്ള പരാതികളാണ് ഉന്നയിച്ചിട്ടുള്ളത്. തനിക്ക് 1-ാം എതൃകക്ഷിയിൽ നിന്നും ലഭിച്ച വിവരങ്ങൾ തൃപ്തികരമല്ലെന്നുള്ള പരാതി അപ്പീൽ അധികാരിയായ 2-ാം എതൃകക്ഷി മുൻപാകെ ഹർജിക്കാരൻ ഇതുവരെയും ഉന്നയിച്ചിട്ടില്ല.

(ii) അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമം പ്രകാരം വിവരങ്ങൾ തേടി കൊ ് അപേക്ഷകൾ സമർപ്പിച്ചത് 6.12.06-നാണ്. അപേക്ഷ സമർപ്പിച്ച് 30 ദിവസങ്ങൾക്കുള്ളിൽ വിവരം അപേക്ഷകന് നൽകണമെന്നാണ്

വിവരാവകാശ നിയമം 7 (1) വകുപ്പ് നിഷ്കർഷിച്ചിരിക്കുന്നത്. ഈ സമയ പരിധി ലംഘിച്ചിരിക്കുന്നതിനാൽ വിവരം സൗജന്യമായി ലഭിക്കുവാൻ ഹർജിക്കാരന് അവകാശമു ്.

5. മേൽപ്പറഞ്ഞ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കമ്മിഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

അപ്പീൽ ഹർജിക്കാരന് ഒന്നാം എതൃകക്ഷി 27.3.07-ന് നൽകിയ വിവരങ്ങളിൽ അതൃപ്തിയുെ ങ്കിൽ 2-ാം എതൃകക്ഷി മുൻപാകെ വിവരാവകാശ നിയമം 19(1) വകുപ്പ് പ്രകാരം 1-ാം അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ 1-ാം അപ്പീൽ സമർപ്പിക്കുന്നതിന്, ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 15 ദിവസത്തെ സമയം അനുവദിച്ചിരിക്കുന്നു. അപ്പീൽ ഹർജിക്കാരനിൽ നിന്നും വിവരങ്ങൾ നൽകിയ ചെലവിന്റെ ഭാഗമായി ഈടാക്കിയ 70/- രൂപ 1-ാം എതൃകക്ഷി അപ്പീൽ ഹർജിക്കാരന് മടക്കി നൽകേ താണ്.

2007 ആഗസ്റ്റ് മാസം 1-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടു-

വിച്ചിരിക്കുന്നു.